**എന്തെന്നാൽ അവൻ അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു:**

ദുഃഖിതരിവരിൽ നിൻ പെസഹാ
മോദം സദയം വർഷിച്ചു
സാത്താനെന്നാലിന്നിപ്പോൾ
ദുഃഖിതനായി ഞരങ്ങുന്നു.
തവ ബലിയാൽ നീ രക്ഷകനേ,
ഞങ്ങൾക്കേകി സന്തോഷം
പൊടിയിലമർന്നവർ ഞങ്ങളെ നിൻ
വിനയം രക്ഷിച്ചുയിരേകി.

**അവൻ ദരിദ്രരെ തന്റെ മാർഗ്ഗം പഠിപ്പിക്കുന്നു:**

നാഥൻ പാവനമീ നിശയിൽ
ശിഷ്യഗണത്തൊടു കല്പിച്ചു
നിങ്ങളെ ഞാൻ സ്നേഹിച്ചതുപോൽ
തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ.
നിങ്ങൾക്കായ് ഞാൻ പീഡകളും
മരണവുമിന്നു വരിക്കുന്നു
രക്ഷയുമുയിരും നരനേകാൻ
അവരെന്നെ ക്രൂശിച്ചീടും.

**വന്നു ശ്രവിക്കുവിൻ, നിങ്ങളോടു ഞാൻ പറയാം:**

യൂദന്മാർ വിധി ചെയ്യുവതെൻ
ബലഹീനതകൊണ്ടല്ലേതും
സൃഷ്ടികുലത്തിനു രക്ഷയ്ക്കായ്
താതൻ തനയനെ നൽകുന്നു.
അനുതാപികളെ രക്ഷിപ്പാൻ
ജീവൻ നൽകാൻ ഞാൻ വന്നു:
എന്നുത്ഥാനം നരനേകും
മോചനവും നവജീവിതവും.

**കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു:**

ജാഗ്രതയാർന്നൊരു പ്രാർത്ഥനയാൽ
തൻ സഹനത്തിൻ കാഠിന്യം
നാഥൻ വിരവൊടു വെളിവാക്കി,
രക്ഷിതനാവാനർത്ഥിച്ചു.
നിങ്ങൾ പരീക്ഷയിൽ വീഴാതെ,
പ്രാർത്ഥിക്കാനുപദേശിച്ചു
സ്വേദം നിണമായ് മാറുകയാൽ
ഭീകരസഹനം തെളിവാക്കി.